	വയനാട്	0.5668 ഹെക്ടർ
	കണ്ണൂർ	0.6883 ഹെക്ടർ
	കാസർഗോഡ്	0.79.15 ഹെക്ടർ
(സി)	തിരുവനന്തപുരം	21.72.43 ഹെക്ടർ
	കൊല്ലം	16.97.55 ഹെക്ടർ
	പത്തനംതിട്ട	6.3740 ഹെക്ടർ
	ആലപ്പുഴ	01.45.34 ഹെക്ടർ
	കോട്ടയം	4.35.34 ഹെക്ടർ
	ഇടുക്കി	4847-06.05 ഹെക്ടർ
	എറണാകുളം	1.0808 ഹെക്ടർ
	തൃശ്ശൂർ	1.7358 ഹെക്ടർ
	മലപ്പുറം	41.155 ഹെക്ടർ
	പാലക്കാട്	8.2488 ഹെക്ടർ
	കോഴിക്കോട്	14.086 ഹെക്ടർ
	വയനാട്	25.77 ഹെക്ടർ
	കണ്ണൂർ	0.6397 ഹെക്ടർ
	കാസർഗോഡ്	0.01.41 ഹെക്ടർ

പിടിച്ചെടുത്ത ഭൂമി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

വീട് വയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അപേക്ഷ

111 (1177) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ കളരിക്കൽ വീട്ടിൽ സുജാത സ്വാമിദാസ് വീട് വയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാടക വീട്ടിൽ താമസിക്കുന്ന ടി കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എന്നത്തേക്ക് അനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ശ്രീമതി സുജാത സ്വാമിദാസ്, കളരിക്കൽ വീട്, ഇറവൂർ എന്നയാളുടെ നിലം പരിവർത്തനം നടത്തി വീട് വയ്ക്കുന്നതിനുള്ള അപേക്ഷയിൽ 16-11-2015 തീയതിയിൽ നടന്ന ജില്ലാതല അധികൃത സമിതിയുടെ 13-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി തീരുമാനമെടുത്തിട്ടുണ്ട്.

ഭൂമി കയ്യേറ്റത്തിനെതിരെ നടപടി

112(T 1178) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗാന്ധി സ്മാരക നിധിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം ഏതെല്ലാം സർവ്വേ നമ്പരിൽ സ്വന്തമായി ഭൂമിയുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമികളിൽ ഏതിലൊക്കെയാണ് കയ്യേറ്റങ്ങൾ ഉള്ളത്; ഇവ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ റീസർവ്വേ 417/27-ൽപ്പെട്ട 27 ആർ സ്ഥലവും, പാറശ്ശാല വില്ലേജിൽ ബ്ലോക്ക് 50-ൽ റീസർവ്വേ 10/17-ൽ 18.30 ആർ സ്ഥലവും, നെടുമങ്ങാട് താലൂക്കിൽ ബ്ലോക്ക് 29-ൽ റീസർവ്വേ 442-ൽ 20.60 ആർ സ്ഥലവും കേരള ഗാന്ധി സ്മാരകനിധി എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതായി വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly